# കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രത്യുത്ഥാനം പദ്ധതിയുടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

**സൂചന: സ. ഉ. (കൈ)നം. 15/2019/ ഡി.എം.ഡി; തീയതി 14.06.2019**

2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിലോ ഉരുൾപ്പൊട്ടലിലോ വീട് പൂർണ്ണമായോ ഭാഗികമായോ (15 % മുതൽ 100 % വരെ) നാശനഷ്ടം സംഭവിച്ച കുടുംബങ്ങളിൽ നിന്ന് കാൻസർ രോഗികൾ, ഡയാലിസിസ് രോഗികൾ, കിടപ്പു രോഗികളും മാനസിക പരിമിതരുമായ ഭിന്നശേഷിക്കാർ, വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ളതും കുട്ടികൾ എല്ലാം 18 വയസിനു താഴെയുള്ളതും ആയിട്ടുള്ള കുടുംബങ്ങൾക്ക് അധിക ധനസഹായം നൽകുവാൻ '**പ്രത്യുത്ഥാനം**' എന്ന പദ്ധതി ആവിഷ്കരിച്ച് സൂചന പ്രകാരം ഉത്തരവായിട്ടുണ്ട്. **Rs.25,000**/- (ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയുടെ അധിക ധനസഹായമാണ് ഈ വിഭാഗങ്ങളിൽ ഉള്ളവർക്ക് അനുവദിച്ചിരിക്കുന്നത്.

ചുവടെ ചേർക്കുന്ന വിഭാഗങ്ങളിൽ നിന്ന് മുൻഗണനാ ക്രമം അനുസരിച്ചാണ് തിരഞ്ഞെടുക്കേണ്ടത്.

1. കാൻസർ രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ
2. ഡയാലിസിസ് രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ
3. കിടപ്പ് രോഗികളും മാനസികശേഷി പരിമിതരുമായ ഭിന്നശേഷിക്കാർ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ
4. വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ളതും, എല്ലാ കുട്ടികളും 18 വയസിനു താഴെയും ആയിരിക്കുന്ന പ്രളയ ബാധിത കുടുംബങ്ങൾ.

**യോഗ്യതാ മാനദണ്ഡം:**

i തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നാശനഷ്ടം സംഭവിച്ച വീടുകളുടെ പട്ടികയിൽ ഉൾപ്പെടുന്ന കുടുംബങ്ങൾ

ii . നാശനഷ്ടങ്ങളുടെ അംഗീകരിച്ച തോത് 15 % മുതൽ 100 % വരെ

iii .ഒരു കുടുംബത്തിന് ഒരു അപേക്ഷ മാത്രമേ അനുവദിക്കൂ

ജില്ലാ തലത്തിൽ ധനസഹായം അനുവദിക്കാവുന്ന കുടുംബങ്ങളുടെ എണ്ണം

| ക്രമ നമ്പർ | ജില്ല | ഗുണഭോക്താക്കളുടെ എണ്ണം | ഒരു കുടുംബത്തിന് ലഭിക്കുന്ന സഹായം |
|---|---|---|---|
| 1 | പത്തനംതിട്ട | 1100 | 25000 |
| 2 | ആലപ്പുഴ | 800 | 25000 |
| 3 | കോട്ടയം | 800 | 25000 |
| 4 | ഇടുക്കി | 1100 | 25000 |
| 5 | എറണാകുളം | 800 | 25000 |
| 6 | തൃശൂർ | 800 | 25000 |
| 7 | പാലക്കാട് | 800 | 25000 |
| 8 | വയനാട് | 1100 | 25000 |
| | **ആകെ** | **7300** | |

**തിരഞ്ഞെടുക്കാനുള്ള പ്രക്രിയ**

1. തിരഞ്ഞെടുത്തിരിക്കുന്ന 8 ജില്ലകളിലും പ്രമുഖപത്രങ്ങളിൽ ഈ സ്കീമിനെ കുറിച്ചുള്ള വാർത്ത 2019 ജൂലൈ 10 നുള്ളിൽ കെ.എസ്.ഡി.എം.എ. നൽകുന്നതാണ്. ജില്ലാതലത്തിലും വാർത്തകൾ നൽകേണ്ടതാണ്.

2. അപേക്ഷഫോറം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, ജില്ലാ ഭരണകൂടത്തിന്റെ വെബ്സൈറ്റിലും, സാമൂഹിക നീതി വകുപ്പിന്റെ വെബ്സൈറ്റിലും, തദ്ദേശസ്വയംഭരണ വകുപ്പിന്റെ വൈബ്സൈറ്റിലും നൽകേണ്ടതാണ്.

3. 2018-ലെ പ്രളയത്തിൽ വീടിന് ഭാഗികമായോ പൂർണ്ണമായോ നാശനഷ്ടം നേരിട്ടതിന് സർക്കാർ ദുരിതാശ്വാസ സഹായം നല്കുവാനായി അംഗീകാരം നൽകിയ കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും കൂടാതെ ചുവടെ ചേർക്കുന്ന സാഹചര്യം നേരിടുന്ന കുടുംബങ്ങളിലും നിന്നു വേണം അപേക്ഷകൾ സ്വീകരിക്കേണ്ടത്

   എ) കാൻസർ രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ

   ബി) ഡയാലിസിസ് രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ

   സി) മാനസികശേഷി പരിമിതരായ ഭിന്നശേഷിക്കാരും ഇവർ കിടപ്പ് രോഗികളും ആയ പ്രളയ ബാധിത കുടുംബങ്ങൾ

   ഡി) വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ളതും, എല്ലാ കുട്ടികളും 18 വയസിനു താഴെയും ആയിരിക്കുന്ന പ്രളയ ബാധിത കുടുംബങ്ങൾ.

4. സർക്കാർ ഉത്തരവ് പ്രകാരം മുകളിൽ രേഖപ്പെടുത്തിയ വിഭാഗത്തിൽപെടുന്ന കുടുംബങ്ങളെ ആണ് മുൻഗണന അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കേണ്ടത്. അതിനാൽ, ആദ്യത്തെ വിഭാഗത്തിന് കീഴിൽ വരുന്ന അപേക്ഷകരെ പരിഗണിച്ചതിനുശേഷം മാത്രമേ മറ്റു വിഭാഗങ്ങളെ പരിഗണിക്കാവൂ.

5. വില്ലേജ് ഓഫീസുകളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ നോട്ടീസ് ബോർഡിലും ഈ സ്കീമിനെ കുറിച്ച് പ്രദർശിപ്പിക്കേണ്ടതാണ്.

6. വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ള കുടുംബങ്ങളിൽ, മുതിർന്ന കുട്ടിയുടെ പ്രായം ആഗസ്റ്റ് 31, 2018 ന് 18 വയസിനു താഴെ (മൈനർ) ആയിരിക്കേണ്ടതാണ്. വില്ലേജ് ഓഫീസർ നൽകുന്ന 2018 ആഗസ്റ്റ് 31 ന് മുമ്പ് വിധവ പുനർവിവാഹിത ആയിട്ടില്ലെന്ന സർട്ടിഫിക്കറ്റും ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റും ആയിരിക്കണം അപേക്ഷയുടെ കൂടെ നൽകേണ്ടത്.

7. തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ പട്ടിക ജില്ലാ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് 2019 സെപ്റ്റംബർ 2-നു മുൻപായി നൽകേണ്ടതാണ് .

8. അംഗീകരിച്ച അപേക്ഷകൾ ഡിജിറ്റൽ കോപ്പി ആക്കുന്നതിനു കെ.എസ്.ഡി.എം.എ തയ്യാറാക്കിയ ഗൂഗിൾ ഷീറ്റ് സി.ഡി.പി.ഒ തലത്തിൽ പൂരിപ്പിക്കേണ്ടതാണ്. ഗൂഗിൾ ഷീറ്റിന്റെ ലിങ്ക്, യൂസർ നെയിം, പാസ്‌വേർഡ് എന്നിവ അതാതു ജില്ല നോഡൽ ഓഫീസർക്കു നൽകുന്നതാണ്.

9. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് സമർപ്പിക്കേണ്ട ഗുണഭോക്താവിന്റെ വിശദ വിവരങ്ങൾ അടങ്ങിയ പട്ടികയുടെ മാതൃക ചുവടെ ചേർക്കുന്നു

| Sl. No. | Name of the Beneficiary | Age | Sex | Criteria for selection | Address | Village | Panch-ayath | Bank | Bank Account No | IFSC Code | Aadhar No: | Mobile No (Applicant's) |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | | |

10.അപേക്ഷകളുടെ എണ്ണം അതത് ജില്ലയ്ക്ക് അനുവദിച്ച ഗുണഭോക്താക്കളേക്കാൾ കൂടുതലായാൽ വീടിന്റെ നാശനഷ്ടം ഘടകമായി കണക്കാക്കി മുൻഗണന പട്ടിക തയ്യാറാക്കാം, പരിഗണിക്കാൻ കഴിയാത്ത അപേക്ഷകളുടെ വിശദാംശങ്ങൾ ഒരു ഏകീകൃത പട്ടികയായി ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

11. അപേക്ഷകൾ പരിഗണിക്കുന്നതിന് താഴെപറയുന്ന രേഖകൾ വേണ്ടതാണ്

| വിഭാഗം | നൽകേണ്ട രേഖകൾ |
|---|---|
| കാൻസർ രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ | സർക്കാർ ആശുപത്രിയിൽ/ അംഗീകൃത ആരോഗ്യ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (2017 ഓഗസ്റ്റ് മുതൽ 2018 ഓഗസ്റ്റ് മാസ ത്തിനുള്ളിലുള്ള രേഖകൾ മാത്രം) |
| ഡയാലിസിസ് രോഗികൾ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ | സർക്കാർ ആശുപത്രിയിൽ / അംഗീകൃത ആരോഗ്യ സ്ഥാപനത്തിൽ നിന്നുള്ള സർട്ടിഫിക്കറ്റ് (2017 ഓഗസ്റ്റ് മുതൽ 2018 ഓഗസ്റ്റ് മാസത്തിനുള്ളിലുള്ള രേഖകൾ മാത്രം) |
| മാനസിക ശേഷി പരിമിതരായവരും, ഇവർ കിടപ്പ് രോഗിക ളുമായ ഭിന്നശേഷിക്കാർ ഉള്ള പ്രളയ ബാധിത കുടുംബങ്ങൾ | മെഡിക്കൽ ബോർഡിൽ നിന്നും ലഭിക്കുന്ന ഭിന്നശേഷി സർട്ടിഫിക്കറ്റും ഇവർ കിടപ്പു രോഗിയാണെന്നുള്ള രജിസ്റ്റേർഡ് ഡോക്ടറുടെ സർട്ടിഫിക്കറ്റും |
| വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ളതും എല്ലാ കുട്ടികളും 18 വയസിനു താഴെയും ആയിരിക്കുന്ന പ്രളയ ബാധിത കുടുംബങ്ങൾ | വില്ലേജ് ഓഫീസർ നൽകുന്ന വിധവ പുനർവിവാ ഹിത ആയിട്ടില്ലെന്ന സർട്ടിഫിക്കറ്റും, ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റും (2018 ആഗസ്റ്റ് 31 ന് മുൻപുള്ളത്).<br>കുട്ടിൾക്ക് പ്രായം തെളിയിക്കുന്നതിന് ജനനസർട്ടിഫിക്കറ്റ് / ആധാർ കാർഡ് |

**പ്രത്യുത്ഥാനം പദ്ധതിയിൽ അംഗനവാടി വർക്കർക്കുള്ള നിർദ്ദേശങ്ങൾ**

1. അംഗൻവാടി വർക്കർ ആണ് അപേക്ഷയുടെ പ്രാഥമിക പരിശോധന നടത്തേണ്ടത്.
2. 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായ പ്രളയം ബാധിച്ച കുടുംബങ്ങളിൽപ്പെട്ടവരായിരിക്കണം ഗുണഭോക്താവ് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. അപേക്ഷയിൽ ആവശ്യമായ എല്ലാ വിവരങ്ങളും പൂരിപ്പിച്ചിട്ടുണ്ടെന്നു ഉറപ്പുവരുത്തണം.
4. ആവശ്യമായ അനുബന്ധ രേഖകളുടെ പകർപ്പുകൾ അപേക്ഷയോടൊപ്പം ഉണ്ടെന്നു ഉറപ്പു വരുത്തുക. അനുബന്ധമായി നൽകുന്ന സർട്ടിഫിക്കറ്റുകൾ മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ച സർട്ടിഫിക്കറ്റുകളാണെന്നു ഉറപ്പു വരുത്തേണ്ടതുമാണ്.
5. പൂർണ്ണമായ അപേക്ഷകൾ സ്വീകരിച്ച്, അപേക്ഷക്ക് സീരിയൽ നമ്പർ നല്കി വാർഡ് നമ്പറിനോടൊപ്പം അപേക്ഷ നമ്പർ എന്ന ഭാഗം പൂരിപ്പിക്കണം.
6. അപേക്ഷാഫോമിനോടൊപ്പം ഉള്ള കൈപ്പറ്റ് രസീത് അപേക്ഷകന് പൂരിപ്പിച്ചു തിരിച്ച് നല്കേണ്ടതാണ്.
7. അപേക്ഷകളുടെ പട്ടിക തയ്യാറാക്കി, പ്രാഥമിക പരിശോധനകൾക്കു ശേഷം അംഗനവാടി വർക്കർ പ്രാഥമിക പരിശോധന റിപ്പോർട്ട് അപേക്ഷയിൽ എഴുതേണ്ടതും പേരും ഒപ്പും വക്കേണ്ടതുമാണ്. പട്ടികയുടെ മാതൃക ചുവടെ ചേർക്കുന്നു.

| Sl. No. | Anganavadi No. | Application No. | Name of Applicant | Panchayat | Date Received | Criteria | Mob. No. (Applicant) |
|---|---|---|---|---|---|---|---|

8. അപേക്ഷ സ്വീകരിക്കാനുള്ള അവസാന തീയതി 2019 ജൂലൈ 31.
9. ഓഗസ്റ്റ് 5 ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്ക് അപേക്ഷയും പട്ടികയും ഒരുമിച്ച് കൈമാറേണ്ടതാണ്.
10. അപേക്ഷകളും മാർഗ്ഗനിർദ്ദേശങ്ങളും ലഭിക്കുന്ന സ്ഥലം

    (i) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വെബ്സൈറ്റ്

    (ii) ജില്ലാ ഭരണകൂടത്തിന്റെ വെബ്സൈറ്റ്

    (iii) സാമൂഹിക നീതി വകുപ്പിന്റെ വെബ്സൈറ്റ്

    (iv) തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റ്

    (v) പഞ്ചായത്ത് ഓഫീസ്

**പ്രത്യുത്ഥാനം പദ്ധതിയിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കുള്ള നിർദ്ദേശങ്ങൾ**

1. അംഗനവാടിയിൽ നിന്നും ലഭിക്കുന്ന അപേക്ഷകളും പട്ടികയും ഓഗസ്റ്റ് 5ന് കൈപ്പറ്റേണ്ടതാണ്.
2. പ്രളയ ദുരിതാശ്വാസ സഹായം ലഭിച്ച പട്ടികയുമായി അംഗനവാടിയിൽ നിന്നും ലഭിച്ച അപേക്ഷകൾ ഉൾപെട്ടിട്ടുണ്ടോ എന്നു പരിശോധിക്കണം.

3. ലഭിച്ച അപേക്ഷകളിൽ 10% അപേക്ഷകൾ നേരിട്ട് പരിശോധിച്ച് അപേക്ഷയിലെ വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

4. ഓഗസ്റ്റ് 9 - ക്രോഡീകരിച്ച അപേക്ഷകളും ലിസ്റ്റും സി.ഡി.പി.ഒ. മാർക്കു സൂപ്പർവൈസർമാർ കൈമാറണം.

**പ്രത്യുത്ഥാനം പദ്ധതിയിൽ സി.ഡി.പി.ഒ. മാർക്കുള്ള നിർദ്ദേശങ്ങൾ**

1. സി.ഡി.പി.ഒ.മാർ അംഗനവാടി ജീവനക്കാർക്കും ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർക്കും പദ്ധതിയെ പറ്റിയുള്ള വിശദാംശങ്ങളും നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും നൽകണം.

2. ഓഗസ്റ്റ് 9 - ക്രോഡീകരിച്ച അപേക്ഷകളും ലിസ്റ്റും ഐസിഡിഎസ് സൂപ്പർവൈസറിൽനിന്നും കൈപ്പറ്റണം.

3. ഓഗസ്റ്റ് 12-26 ഗൂഗിൾ ഫോം ഡാറ്റ എൻട്രി നടത്തണം.

4. അംഗീകരിച്ച അപേക്ഷകൾ ഡിജിറ്റൽ കോപ്പി ആക്കുന്നതിനു കെ.എസ്.ഡി.എം.എ തയ്യാറാക്കിയ ഗൂഗിൾ ഷീറ്റ് സി.ഡി.പി.ഒ തലത്തിൽ പൂരിപ്പിക്കേണ്ടതാണ്. ഗൂഗിൾ ഷീറ്റിന്റെ ലിങ്ക്, യൂസർ നെയിം, പാസ്‌വേർഡ് എന്നിവ അതാതു ജില്ല നോഡൽ ഓഫീസർക്കു കെഎസ്ഡിഎംഎ നൽകുന്നതാണ്.

5. ഓഗസ്റ്റ് 26 ന് ജില്ലാ സാമൂഹിക നീതി വകുപ്പിന് അപേക്ഷയും പട്ടികയും കൈമാറുക.

**പ്രത്യുത്ഥാനം പദ്ധതിയിൽ ജില്ല സാമൂഹിക നീതി വകുപ്പ് ഓഫീസർക്കുള്ള നിർദ്ദേശങ്ങൾ**

1. വിവിധ സിഡിപിഒ മാരിൽനിന്നും ലഭിച്ച അപേക്ഷകൾ ക്രോഡീകരിച്ച് ജില്ലാ തലത്തിലെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം. ഒഴിവാക്കിയവരുടെ പട്ടിക പ്രത്യേകം തയ്യാറാക്കണം.

2. ജില്ല സാമൂഹിക നീതി വകുപ്പ് ഓഫീസർ ഒഴിവാക്കിയവരുടെയും അർഹരായവരുടെയും ലിസ്റ്റ് അപേക്ഷകൾ സഹിതം ഓഗസ്റ്റ് 26 ന് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിക്ക് കൈമാറുക.

**പ്രത്യുത്ഥാനം പദ്ധതിയിൽ ജില്ല ദുരന്ത നിവാരണ അതോറിറ്റി സ്വീകരിക്കേണ്ട നടപടികൾ**

1. പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പട്ടിക കെട്ടിടത്തിന്റെ നാശനഷ്ട തോതു സഹിതം ജില്ലാ ദുരന്ത നിവാരണ അതോറിറ്റി പഞ്ചായത്ത് തലത്തിൽ ഐസിഡിഎസ് ന് ലഭ്യമാക്കേണ്ടതാണ്.

2. ജില്ല സാമൂഹിക നീതി വകുപ്പ് ഓഫീസറിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് സ്വീകരിച്ച് അന്തിമ പരിശോധനകൾക്കു ശേഷം ജില്ല ദുരന്ത നിവാരണ അതോറിറ്റി യോഗം കൂടി ലിസ്റ്റിന് അംഗീകാരം കൊടുക്കുകയും ലിസ്റ്റ് ഇ-മെയിൽ വഴിയും തപാൽ വഴിയും കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിലേക്ക് 2019 സെപ്തംബർ 2-ന് മുൻപായി അയക്കേണ്ടതാണ്.

3. ഒഴിവാക്കിയവരുടെയും അർഹരായവരുടെയും ലിസ്റ്റ് സർക്കാർ ഉത്തരവിൽ പറയും പ്രകാരമുള്ള രജിസ്റ്ററിന്റെ മാതൃകയിൽ DDMA-ൽ സൂക്ഷിക്കേണ്ടതും ആകുന്നു.

* * * *